LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ധനകാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എസ്. വി. കലേശനെ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ 2008 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറായി നിയമിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലായതിനാലും പദ്ധതികൾക്ക് സമയബന്ധിതമായി അംഗീകാരം ലഭിക്കേണ്ടതിനാലും ടിയാന്റെ അന്യത്ര സേവന കാലം നിലവിലുള്ള നിയമ പ്രകാരം അനുവദിക്കാനാകില്ലായെങ്കിലും ഭരണ സ്തംഭനം ഒഴിവാക്കുന്നതിലേക്കായി പുതിയ ഒരു ജില്ലാ പഞ്ചായത്ത് സെക്രട്ടറി/ഫിനാൻസ് ഓഫീസർ ചാർജ്ജെടുക്കുന്നതുവരെ ടിയാന് ഫിനാൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ തുടരുവാൻ അനുവദിച്ച് 24-4-2014-ലെ 1022/2014/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.

വിജിലൻസ് കേസുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കുന്നതിനാണ് ടിയാൻ ഫിനാൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് - അധിക വിഹിതം

**258 (6088)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിലെ നികുതിപിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വിശദമാക്കാമോ ;

(ബി) നികുതിപിരിവ് മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികവിഹിതം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് അധികവിഹിതം ലഭ്യമാക്കിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) 2013-14-ൽ അനുവദിച്ചത്,

1. തിരുവനന്തപുരം - 51
2. കൊല്ലം - 43
3. പത്തനംതിട്ട - 43
4. ആലപ്പുഴ - 61

5. കോട്ടയം - 57

6. ഇടുക്കി - 37

7. എറണാകുളം - 72

8. തൃശ്ശൂർ - 72

9. പാലക്കാട് - 67

10. മലപ്പുറം - 66

11. കോഴിക്കോട് - 54

12. വയനാട് - 20

13. കണ്ണൂർ - 42

14. കാസറഗോഡ് - 21

### അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി

259 (6089) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അനധികൃത നിർമ്മാണത്തിന്റെ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളും രജിസ്റ്ററുകളുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

#### ഉത്തരം

(എ-സി) ഉണ്ട്. സർക്കാരിന്റെ 13-7-2006, 7-8-2006, 24-7-2010, 19-5-2014 എന്നീ തീയതികളിലെ സർക്കുലറുകൾ മുഖേന അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly